## ക്യംതാ: ഉയിർപ്പ് ഉയിർപ്പുഞായർ

**08 ഏപ്രിൽ 2012: യോഹ: 20:1-10 യേശുവിൻെറ**

**ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ മഗ്ദലേനമറിയം ശവകുടീരത്തിൻെറ സമീപത്തേക്കു വന്നു. ശവകുടീരത്തിൻെറ കല്ലു മാറ്റപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു. അവൾ ഉടനെ ഓടി ശിമയോൻ പത്രോസിൻെറയും യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യൻെറയും അടുത്തെത്തി പറഞ്ഞു: കർത്താവിനെ അവർ കല്ലറയിൽനിന്നു മാറ്റിയിരിക്കുന്നു. എന്നാൽ, അവനെ അവർ എവിടെ വച്ചുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പത്രോസ് ഉടനെ മറ്റേ ശിഷ്യനോടു കൂടെ കല്ലറയുടെ അടുത്തേക്കു പോയി. അവർ ഇരുവരും ഒരുമിച്ച് ഓടി.എന്നാൽ, മറ്റേ ശിഷ്യൻ പത്രോസിനെക്കാൾ കൂടുതൽ വേഗം ഓടി ആദ്യം കല്ലറയുടെ അടുത്തെത്തി. കുനിഞ്ഞു നോക്കിയപ്പോൾ കച്ച കിടക്കുന്നത് അവൻ കണ്ടു. എങ്കിലും അവൻ അകത്തു പ്രവേശിച്ചില്ല. അവൻെറ പിന്നാലെ വന്ന ശിമയോൻ പത്രോസ് കല്ലറയിൽ പ്രവേശിച്ചു. കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്നതൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടി വച്ചിരിക്കുന്നതും അവൻ കണ്ടു. അപ്പോൾ കല്ലറയുടെ സമീപത്ത് ആദ്യം എത്തിയ മറ്റേ ശിഷ്യനും അകത്തു പ്രവേശിച്ച് കണ്ടു വിശ്വസിച്ചു. അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു എന്ന തിരുവെഴുത്ത് അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല. അനന്തരം ശിഷ്യൻമാർ മടങ്ങിപ്പോയി.**

"ആരാണ് നമുക്കു വേണ്ടി ശവകുടീരത്തിൻെറ വാതില്ക്കൽ നിന്ന് കല്ല് ഉരുട്ടി മാറ്റുക?" (മർക്കോ. 16: 3-4). യേശുവിൻെറ കല്ലറയിലേക്ക് തിരിച്ച സ്ത്രീകളുടെ ആകാംക്ഷ അതായിരുന്നു. കല്ലറയുടെ സമീപം അവർക്കായി ഒരു വിസ്മയം ഒരുങ്ങിയിരുന്നു: കല്ലറ മൂടിയിരുന്ന വലിയ കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നു! (മർക്കോ. 16: 3-4; ലൂക്കോ. 24: 3; യോഹ. 20:1). ദൈവത്തിൻെറ ദൂതനാണ് അതു ചെയ്തത് എന്നു സുവിശേഷങ്ങളിൽ നിന്നു വ്യക്തമാണ്. ദൈവത്തിൻെറ ശക്തിയാണ് ദൂതന്മാരായി പ്രത്യക്ഷപ്പെടുക... തിന്മയുടെ, അന്ധകാരത്തിൻെറ, മരണത്തിൻെറ ശക്തികൾക്കെതിരായി ദൈവം പുഞ്ചിരി തൂകിയ ദിനം... മനുഷ്യൻെറ രക്ഷയ്ക്കായി ദൈവം ഒരുക്കിയ പദ്ധതി വിജയം കണ്ട ദിനത്തിൽ യേശു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു... പാപത്തിൽ നിന്നും പാപഫലമായ മരണത്തിൽ നിന്നും മനുഷ്യന് വിജയപ്രതീക്ഷ നല്കിയത് യേശുവിൻെറ ഉയിർപ്പാണ്.

കല്ലറയിൽ നിന്ന് യേശുവിൻെറ ശിഷ്യന്മാർ അവൻെറ മൃതശരീരം മോഷ്ടിക്കുമെന്നു പറഞ്ഞ് ഗവർണ്ണറായ പീലാത്തോസിൻെറ അനുവാദത്തോടെ റോമൻ സൈനികരെ കാവൽ നിർത്തുന്ന യഹൂദന്മാർ. യഹൂദരുടെ ഭയം അവൻ പറഞ്ഞതു പോലെ ഉയിർത്തെഴുന്നേറ്റാലോ എന്നായിരുന്നു. കുറ്റവാളിയായി മുദ്രകുത്തി കുരിശിൽ തറച്ചു കൊന്ന്, കല്ലറയിൽ അടക്കിയവന് സൈന്യത്തെ കാവൽ നിറുത്തുന്ന വിചിത്രമായ നടപടി... രണ്ടു ദിവസത്തേക്ക് യേശുവിൻെറ പ്രതിയോഗികൾ സന്തോഷത്തോടെ കഴിഞ്ഞു... പക്ഷേ, ശത്രുക്കൾ ഒരുക്കിയ എല്ലാ തടസ്സങ്ങളെയും തകർത്ത് യേശു കല്ലറയിൽ നിന്ന് പുറത്തേക്കു വന്നു, ദൈവത്തിൻെറ പദ്ധതി പൂർത്തിയാക്കാനായി...

ജീവിതത്തിലെ ചില നിമിഷങ്ങളിൽ നാമും ഇപ്രകാരം ചോദിച്ചിട്ടില്ലേ, ആരാണ് നമുക്കു വേണ്ടി ശവകുടീരത്തിൻെറ വാതിൽക്കൽ നിന്ന് കല്ല് ഉരുട്ടി മാറ്റുക? ഏതാണ് ജീവിതത്തിലെ ശവകുടീരം? ഏതാണ് ജീവിതത്തെ മൂടിയിരിക്കുന്ന വലിയ കല്ല്? ജീവിതത്തിലെ അനേകമനേകം വേദനകളുടെ, ദുഃഖങ്ങളുടെ, സങ്കടങ്ങളുടെ, തകർച്ചകളുടെ, മോഹഭംഗങ്ങളുടെ, നിരാശകളുടെ അനുഭവങ്ങളാണ് വലിയ കല്ലുകൾ. ശാരീരിക, മാനസിക, ആത്മികമായ ഇരുട്ട് നമ്മെ ആവരണം ചെയ്ത് നാം ശവകുടീരങ്ങളിലായ അനുഭവങ്ങളുണ്ടായിട്ടില്ലേ? അപ്പോഴൊക്കെ നാമറിഞ്ഞും അറിയാതെയും വിമോചനത്തിൻെറ അനുഭവം നമുക്ക് ലഭ്യമായിട്ടില്ലേ? ആ ശവകുടീരങ്ങൾ തുറന്നത്, കല്ലുകൾ ഉരുട്ടി മാറ്റിയത് ദൈവത്തിൻെറ ശക്തിയായ മാലാഖമാരായിരുന്നു. ദൈവം നമുക്കു വേണ്ടി അത്ഭുതം പ്രവർത്തിച്ച വലിയ നിമിഷങ്ങൾ... മനുഷ്യന്, മാനവവംശത്തിന്, വീണ്ടെടുപ്പിൻെറയും ഉയിർപ്പിൻെറയും പ്രത്യാശ നല്കിയ ചരിത്രത്തിലെ വലിയ നിമിഷമായിരുന്നു യേശുവിൻെറ ഉയിർപ്പ്. എത്ര കഠിനമായിരുന്നാലും സഹനമോ വേദനയോ മനുഷ്യൻെറ ജീവിതത്തിൻെറ അന്ത്യമല്ല. മരണം പോലും വ്യക്തിപരമായോ കൂട്ടായോ മനുഷ്യൻെറ ചരിത്രത്തിൻെറ അവസാന ഏടല്ല. വേദനകളുടെയും മരണത്തിൻെറയും ദുഃഖവെള്ളിക്കും ദുഃഖശനിക്കും മൂടപ്പെട്ട കല്ലറയ്ക്കുമപ്പുറം ഉയിർപ്പിൻെറ പുതുജീവനുണ്ടെന്ന് യേശുവിൻെറ മരിച്ചവരുടെയിടയിൽ നിന്നുള്ള പുനരുത്ഥാനം നമ്മോടു സാക്ഷിക്കുന്നു. പുതുജീവൻെറ പ്രകാശവും ധവളിമയുമാണ് യേശുവിൻെറ ഉയിർപ്പു നൽകുക.

ഒഴിഞ്ഞ കല്ലറ കണ്ടും അതിൽ പ്രവേശിച്ചും പത്രോസും യേശു സ്നേഹിച്ചിരുന്ന ശിഷ്യനും മഗ്ദലേനാ മറിയവും യേശുവിൻെറ ഉയിർപ്പിൽ വിശ്വസിച്ചു. തിരുവചനങ്ങളുടെ പൂർണ്ണത, യേശുവിൻെറ ശിഷ്യർ ശൂന്യമായ ആ കല്ലറയിൽ നിറവാർന്നു കാണുന്നു. യേശുവിൻെറ പ്രവൃത്തികൾ ഏറ്റം വലിയ അത്ഭുതമായ ഉയിർപ്പിൽ പൂർത്തീകരിക്കപ്പെടുകയായി. **-ജോൺ പടിപ്പുരയ്ക്കൽ**